**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2575** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ പാഠ്യപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ഓൺലൈൻ പാഠ്യപദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഇതിന്റെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ? | (എ) | പൊതുവിദ്യാലയങ്ങളിലെ എല്ലാ കുട്ടികൾക്കും ഡിജിറ്റൽ/ഓൺലൈൻ സൗകര്യം ഉറപ്പാക്കുന്നതിന്റെ ഭാഗമായി തമിഴ്, കന്നട മാധ്യമങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ക്ലാസ്സുകൾ ലഭ്യമാക്കുന്നതിനായി പ്രാദേശിക ടെലിവിഷൻ കേബിൾ നെറ്റ്‌വർക്ക് അധികൃതരുമായി ചർച്ച നടത്തി ധാരണയിലെത്തിയിട്ടുണ്ട്. ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട തമിഴ്, കന്നട വിഷയങ്ങൾക്ക് ഡിജിറ്റൽ ക്ലാസ്സുകൾ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൈറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന വീഡിയോ ക്ലാസ്സുകൾ പ്രാദേശിക ടെലിവിഷൻ ചാനലുകളിലൂടെയും യു.ട്യൂബിലൂടെയും കുട്ടികൾക്ക് നൽകിവരുന്നു. ഡിജിറ്റൽ ക്ലാസ്സുകൾക്കായി കൈറ്റ് പ്രത്യേകം പോർട്ടൽ (firstbell.kite.kerala.gov.in) സജ്ജീകരിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടലിൽ തമിഴ്, കന്നട മാധ്യമം ഉൾപ്പടെ എല്ലാ ക്ലാസ്സുകളും ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ